കൂടാൻ പാടില്ലാത്ത ഒന്നാണ് എന്നുള്ളതുകൊണ്ടാണ് സബ്സിഡി നൽകി ഈ ഇറക്കുമതിയെ പ്രോൽസാഹിപ്പിക്കുന്ന ഈ സമ്പ്രദായം പ്രതിഷേധാർഹമാണ്. ഈ പ്രമേയം പാസ്സാക്കിത്തരണമെന്ന് എല്ലാ അംഗങ്ങളോടും വിനയപൂർവ്വം അഭ്യർത്ഥിക്കുന്നത്.

(iii) റബ്ബർ ഇറക്കുമതി റദ്ദാക്കൽ

ഡോക്ടർ ജോർജ് മാത്യു: സർ, ഞാൻ പ്രമേയം അവതരിപ്പിക്കുന്നു. ''തുടർച്ചയായി റബ്ബർ ഇറക്കുമതിചെയ്ത് റബ്ബർ കർഷകരെ ദ്രോഹിക്കുന്ന കേന്ദ്രഗവൺമെൻറിൻെറ നടപടിയിൽ ഈ സഭ ഉൽക്കണ്ഠ രേഖപ്പെടുത്തുകയും റബ്ബർ ഇറക്കുമതി ചെയ്യുന്ന നടപടി നിർത്തൽ ചെയ്യണം എന്ന് കേന്ദ്രഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു''.

സർ, ശ്രീ. അബ്ദു ഇവിടെ അവതരിപ്പിച്ച പ്രമേയവും ഇതും ഏതാണ്ട് ഒരേ സ്വഭാവത്തിലുള്ളതാണ്. പക്ഷേ അദ്ദേഹത്തിൻെറ പ്രമേയത്തിൽ, ഇറക്കുമതിക്ക് സബ്സിഡി നൽകുന്നതിനെ മാത്രമാണ് എതിർക്കുന്നത്. റബ്ബർ കർഷകരെന്ന് പറയുമ്പോഴും ചിലർക്കൊരു ധാരണയുണ്ട് റബ്ബർ കർഷകരെന്ന് പറയുന്നവർ വൻകിട മുതലാളിമാരാണെന്ന്. വാസ്തവത്തിൽ കണക്കുകൾ നോക്കിയാൽ രണ്ട് ഹെക്ടറിൽത്താഴെ ഉള്ള റബ്ബർ കർഷകർ ഏതാണ്ട് 81 ശതമാനം വരും. അതുപോലെതന്നെ ലാർജ് പ്രൊവേഴ്സ്, ഏതാണ്ട് 20 ഹെക്ടറിൽ താഴെവരെ ഉള്ളവർ 600-ൽ താഴെ മാത്രമാണ്. അപ്പോൾ യഥാർത്ഥത്തിൽ റബ്ബർ കർഷകർ സാധാരണക്കാരാണ്. എന്നാൽ ഈ സാധാരണക്കാരായ കർഷകരെ സംബന്ധിച്ചിടത്തോളം ഒരു വസ്തുത കൂടിയുണ്ട്. ഭാരതത്തിലെ റബ്ബറിൻെറ 92 ശതമാനവും വരുന്നത് കേരളത്തിൽ നിന്നാണ്. അതായത് കേരളത്തിൻെറ സമ്പദ്വ്യവസ്ഥയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു നാണ്യവിളയാണ് റബ്ബർ. പക്ഷേ ദൗർഭാഗ്യവശാൽ ഭാരതം ഭരിക്കുന്ന ഗവൺമെൻറുകളൊക്കെ എപ്പോഴും കർഷകൻെറ വോട്ട് വാങ്ങിയിട്ട് അധികാരത്തിൽ കയറിയാൽപ്പോലും ഒരു വ്യവസായ ലോബിയാണ് ഈ രാജ്യം കഴിഞ്ഞ മുപ്പത്തിരണ്ടുവർഷക്കാലവും ഭരിച്ചിരുന്നത് എന്നത് ഒരു വസ്തുതയാണ്. അതുകൊണ്ടാണ് സർ, റബ്ബറിൻെറ കാര്യത്തിലും ഏലത്തിൻെറ കാര്യത്തിലും ഇഞ്ചിയുടെ കാര്യത്തിലും കുരുമുളകിൻെറ കാര്യത്തിലും കാപ്പിയുടെ കാര്യത്തിലുമൊക്കെ കേന്ദ്രഗവൺമെൻറ് എടുത്തിട്ടുള്ള തെറ്റായ സമീപനത്തെപ്പറ്റി മുഖ്യമായി പറയാനാശിക്കുന്നത്. 80 ശതമാനം ജനങ്ങളും വസിക്കുന്ന ഗ്രാമങ്ങളിൽനിന്ന് പോകുന്ന വോട്ടുകൾ കേന്ദ്രത്തിൽ ചെല്ലുമ്പോൾ ചുരുങ്ങിച്ചുരുങ്ങി അഞ്ചോ, പത്തോ വ്യവസായികളുടെ നേതൃത്വത്തിലുള്ള എം. പി. മാർ ഭരണം നടത്തുന്ന ഈ ഭാരതത്തിൽ അത് വ്യവസായികൾക്കുവേണ്ടി ഒതുങ്ങുന്നു എന്നുള്ളതാണ് വസ്തുത. ഇതാണ് സർ, റബ്ബറിൻെറ കാര്യത്തിൽ നടന്നിട്ടുള്ളത്. ദീർഘമായി കണക്കുകളുദ്ധരിക്കാൻ ഞാനാശിക്കുന്നില്ല. ഇൻഡസ്ട്രിയൽ ഗ്രോത്ത് നോക്കിയാലറിയാം. 1975-76-ൽ ഇൻഡസ്ട്രിയൽ ഗ്രോത്ത് ഏതാണ്ട് 10 ശതമാനമാണ്. അത് 1976-77 ആയപ്പോൾ ചുരുങ്ങി 1.4 ആയി മാറി. 1977-78-ഉം, 1978-79-ഉം നോക്കിയാൽ വ്യാവസായികമായ ഗ്രോത്ത് ഈ പറഞ്ഞതുപോലെ ഇല്ല. 1979-ൽ വെറും 2 ശതമാനം മാത്രമാണ്. അതിൽത്തന്നെ ടയർ വ്യവസായത്തിൽ അല്ലെങ്കിൽ റബ്ബർ ഉൽപന്നങ്ങളുടെ കാര്യത്തിൽ വളർച്ച വളരെ കുറവാണ്. ഞാൻ ഈ ഫിഗേഴ്സ് പറയാൻ കാരണമുണ്ട്. വ്യവസായികൾക്ക് കൂടുതൽ റബ്ബർ വേണമെന്ന് വാദിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായികളെ സംബന്ധിച്ചിടത്തോളം അവരുടെ റബ്ബറുൽപന്നങ്ങളുടെ ഉൽപാദനം കൂടിയിട്ടില്ല, 1977 മാർച്ച് അവസാനത്തെ ബഫർ സ്റ്റോക്ക് നോക്കിയാൽ, റബ്ബർ ബോർഡിന്റെ കണക്ക് പറഞ്ഞാൽ 53,000 ടൺ റബ്ബർ എസ്. ടി. സി. യിലും ഡീലേഴ്സിന്റെ കൈയിലും എസ്റ്റേറ്റുകളിലും അതുപോലെ റബ്ബറുൽപന്നങ്ങളുണ്ടാക്കുന്ന വ്യവസായികളുടെ കൈയിലുമായി സ്റ്റോക്കുണ്ടായിരുന്നു. ആ സമയത്ത് 12,000 ടൺ ഇറക്കുമതികൂടി ചെയ്തിട്ടുണ്ട്. അങ്ങനെ നോക്കുമ്പോൾ 65,000 ടൺ ബഫർ സ്റ്റോക്കാണ് വാസ്തവത്തിൽ കേരളത്തിലുള്ളത്. ഇത് കണക്കാണ്; കണക്കില്ലാത്ത റബ്ബർ വേറെയുണ്ട്. ഇതെല്ലാംകൂടി നോക്കുമ്പോൾ ഇന്ന് വസ്തുത വ്യക്തമാണ്. ഇപ്പോൾ ഇറക്കുമതി ചെയ്യാൻ പറയുന്നതിന്റെ അർത്ഥം എന്താണ്? ഇവിടെ 65,000 ടൺ ബഫർ സ്റ്റോക്കുണ്ട്. ഒരു വർഷം വ്യവസായികൾക്ക് ആവശ്യമുള്ളത് വെറും 1,40,000 ടൺ മാത്രമാണ്. 65,000 ടൺ ബഫർ സ്റ്റോക്കും ഒരു വർഷം ഉൽപാദിപ്പിക്കുന്ന 1,45,000 ടൺ റബ്ബറും കൂടി കൂട്ടിയാൽ 2,10,000 ടൺ റബ്ബർ 1977–78-ലും 1978–79-ലും ഉണ്ട്. പിന്നെ എന്തിനാണ് ഈ ഇറക്കുമതി എന്നാണ് എന്റെ ചോദ്യം. അവിടെയാണ് ഞാൻ പറയുന്നത് ഈ രാജ്യം ഭരിക്കുന്നത് ഇൻഡസ്ട്രിയൽ ലോബിയാണെന്ന്. ഇൻഡസ്ട്രിയൽ ലോബിയും ഇവിടത്തെ വ്യവസായികളും കുലാക്കുകളും ചേർന്നുള്ള ഒരു അവിഹിതബന്ധത്തിന്റെ ജാരസന്തതിയാണ് ഈ ഇംപോർട്ട് എന്നു പറയാൻ ഞാനാശിക്കുകയാണ്. അതുകൊണ്ടാണ് ഇംപോർട്ട് വേണ്ട എന്ന്, കേരളത്തിലെ റബ്ബർ കർഷകരോട് താൽപര്യമുള്ള എല്ലാ ജനതതിയും പറയണമെന്ന് ഞാനാശിക്കുന്നത്. കാരണം ഇനിയും ഇംപോർട്ട് ചെയ്താൽ വരുന്നത് വില കുത്തനെ താഴുകയാണ്. 420 രൂപ തൊട്ട് 520 രൂപ തൊട്ട് 1025–1250 വരെ വന്ന സമയങ്ങളും എല്ലാവർക്കും അറിയാം. റബ്ബർ കൃഷിയുടെ മേഖലയിൽ നോക്കിയാൽ സാധാരണക്കാരായ ഉൽപാദകർക്ക് ഉൽപാദനച്ചെലവുകളും വളരെയേറെ കൂടിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിലാണ് റബ്ബർ 15,000 ടൺ ഇറക്കുമതി ചെയ്തത്. എന്തു വിലയ്ക്കാണ് ഇറക്കുമതി ചെയ്തത്? ഇവിടത്തെ വിലയേക്കാൾ 200–ഉം 300–ഉം രൂപ കൂടുതൽ വിലയ്ക്കാണ് ഇറക്കുമതി ചെയ്തത്. അതുകൊണ്ടാണ് വ്യവസായികൾ വാങ്ങുന്നില്ല എന്നു പറയുന്നത്. ഞാൻ ചോദിക്കുകയാണ് ഈ വ്യവസായികൾക്കും ഈ എസ്. ടി. സി. ക്കും മനസ്സിലാക്കാൻ സാധിക്കുകയില്ലേ, അന്തർദേശീയ മാർക്കറ്റിൽ എന്തു വിലയുണ്ട് എന്ന്? പക്ഷേ കാരണങ്ങൾ പറയുന്നത് ഇവിടെ റബ്ബർ കിട്ടാനില്ല എന്നാണ്. ചെറുകിട ഉൽപാദകർക്ക് റബ്ബർ കിട്ടുന്നില്ല വില കുത്തനെ കൂടുന്നു എന്നാണ് പറയുന്നത്. അന്ന് എല്ലാവരും പറഞ്ഞു ഇവിടെ റബ്ബറിന് സ്ഥിരമായ വില കിട്ടാനുള്ള സംവിധാനമുണ്ടാക്കണമെന്ന്. സർ അതാണ് എനിക്ക് ഇക്കാര്യത്തിൽ പറയാനുള്ളത്. ഇന്ന് നാനൂറാണെങ്കിൽ നാളെ അഞ്ഞൂറും മറ്റെന്നാൾ മുന്നൂറും ആകുന്ന സംവിധാനം ഈ രാജ്യത്തെ കൃഷിക്കാരന്റെ നട്ടെല്ലൊടിക്കുന്നു. റബ്ബറിന്റെ കാര്യത്തിലായാലും ശരി ഏലത്തിന്റെ കാര്യത്തിലായാലും ശരി കാപ്പിയുടെ കാര്യത്തിലായാലും ശരി ഇവിടെ കർഷകന് സ്ഥിരമായ വില കിട്ടാനുള്ള സംവിധാനമുണ്ടാക്കണം. വല്ലപ്പോഴും ഒരു ദിവസം വില കൂടിയാൽ ഉടനെ ഇറക്കുമതിയായി. വെളിച്ചെണ്ണയുടെ കാര്യം ഇതുതന്നെയാണ്. കൊപ്രയുടെ കാര്യവും ഇതുതന്നെയാണ്. ഈ വിധത്തിലുള്ള സംവിധാനത്തിന് മാറ്റം വരുത്തണം. അങ്ങനെ ഇറക്കുമതി ചെയ്താൽ വില താഴും. ഇപ്പോഴത്തന്നെ താണു. 920 ആയിക്കഴിഞ്ഞിരിക്കുന്നു. ഇനിയും താണുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വേറെ ഒരു കാര്യം കൂടി പറയുന്നു. കേന്ദ്രഗവൺമെൻറ് ഒരു നയപരമായ തീരുമാനമെടുത്തിരിക്കുകയാണ്, റബ്ബറിൻെറ സബ്സിഡി. ആ സെസ്സിൽ ഉള്ള ഫണ്ടിൽക്കൂടി വ്യവസായികൾക്ക് ധനം കൊടുക്കുകയാണ്. മൂന്നുകോടി രൂപ കൊടുക്കാൻ തീരുമാനിച്ചു. എന്താണ് സർ, റബ്ബർ സെസ്സ്? ഒരു കിലോഗ്രാമിൽ 40 പൈസ വ്യവസായികൾ പിരിച്ച് റബ്ബർ ബോർഡിനെ ഏൽപിക്കുന്നത് ഈ രാജ്യത്തെ കൃഷിക്കാരന് കിട്ടുന്ന പണമാണ്. അവന് വളവും കീടനാശിനിയും വാങ്ങി കൃഷി നടത്താൻ സബ്സിഡിയായി കൊടുക്കേണ്ട പണത്തിൽനിന്ന് എടുത്ത് റബ്ബർ വ്യവസായിക്ക് അവൻെറ വ്യവസായം നന്നാക്കാനും റബ്ബർ കൃഷിക്കാരനെ ദ്രോഹിക്കുന്ന നടപടിക്കും വേണ്ടി റബ്ബർ സബ്സിഡി കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ രാജ്യത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളും സംഘടിത കർഷക പ്രതിനിധികളും ഒന്നു ചേർന്നുകൊണ്ട് കേന്ദ്രഗവൺമെൻറിൻെറ തെറ്റായ ഈ നയത്തിനെതിരായി ശബ്ദമുയർത്തേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. ഇത് കർഷക ദ്രോഹമാണ്. അതാണ് പറയുന്നത് സബ്സിഡി കൊടുത്ത് റബ്ബർ ഇറക്കുമതി ചെയ്യുന്ന നയം ആ സബ്സിഡി എന്തിനുവേണ്ടിയുണ്ടാക്കിയോ ആ ലക്ഷ്യത്തിൽ നിന്ന് ബഹുദൂരം അകന്നുപോകുന്നു എന്ന്. നിലവിലുള്ള ഈ സമീപനത്തെ കേന്ദ്രഗവൺമെൻറ് പുനഃപരിശോധിക്കണം. അതുപോലെ, ഇറക്കുമതി ചെയ്യുന്ന തെറ്റായ സമീപനം കൊണ്ടുള്ള ദ്രോഹം കേരളത്തെ സംബന്ധിച്ചിടത്തോളം വളരെയധികമാണ്. കേരളത്തിൻെറ സമ്പദ്ഘടനയിൽ വളരെ പ്രധാനമായ, ഏതാണ്ട് പതിനഞ്ച്—ഇരുപത് ലക്ഷം ജനങ്ങളുടെ ഉപജീവനമാർഗ്ഗവുമായ റബ്ബറിന് സ്ഥിരമായ, ന്യായമായ, വില കിട്ടാനുള്ള സംവിധാനമുണ്ടാക്കണം. അതിന് എസ്. ടി. സി. യിലോ എവിടെയെങ്കിലും ഒരു സംവിധാനമുണ്ടാക്കിക്കൊണ്ട് ബഫർ സ്റ്റോക്കുണ്ടാക്കാൻ ഒരു നിയമനിർമ്മാണംതന്നെ ഉണ്ടാകണം. രണ്ടാമതായി, കേന്ദ്രഗവൺമെൻറ് കേരള ഗവൺമെൻറിനോട് ആലോചിക്കാതെയും റബ്ബർ ബോർഡിനോട് ആലോചിക്കാതെയും പ്രവർത്തിക്കുന്ന സമീപനം തിരുത്തണം. മൂന്നാമതായി റബ്ബർ സബ്സിഡി എന്നു പറയുന്ന സെസ് പിരിക്കുന്നത് കൃഷിക്കാരെ നന്നാക്കാനാണെങ്കിൽ അതിൽനിന്ന് ഒരു പൈസപോലും എടുത്ത് ഈ വ്യവസായികൾക്ക് കൊടുക്കാൻ പാടില്ല. നാലാമത് മറ്റൊരു കാര്യം, ടയർ മുതലായ റബ്ബർ ഉൽപന്നങ്ങളുടെ വില നമുക്കറിയാം. ടയറിന് 250 രൂപയായിരുന്നത് ഇന്ന് 510 രൂപയ്ക്കു പോലും കിട്ടുന്നില്ല. ഉൽപാദകരെ സംബന്ധിച്ചിടത്തോളം 150 ശതമാനമാണ് ലാഭത്തിലുള്ള വർദ്ധനവ്. റബ്ബറിൻെറ വില എത്ര കൂടിയാലും കുറഞ്ഞാലും അവർക്ക് ഒന്നുപോലെയാണ്. അതുകൊണ്ടാണ് പറഞ്ഞത് വ്യവസായ ലോബി ഭരിക്കുന്ന ഈ രാജ്യത്തെ കർഷകനെ ദ്രോഹിക്കുന്ന നടപടി അത്യന്തം പ്രതിഷേധാർഹമാണ്, റബ്ബർ ഉൽപന്നങ്ങൾക്ക് സ്ഥിരമായ വില ഒരിക്കലുമില്ല. നൂറും നൂറ്റമ്പതും ശതമാനം കൂടുകയാണ്. ചെറിയ ടയറായാലും ശരി വലിയ ടയറായാലും ശരി, അതിന് ക്ഷാമം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. എന്നിട്ട് കരിഞ്ചന്തയിൽ വിൽക്കുകയാണ്. എന്നിട്ട് പറയുകയാണ് റബ്ബർ കിട്ടാനില്ല എന്ന്. തെറ്റായ നയം കൊണ്ടും സമീപനം കൊണ്ടും കർഷകനെ ദ്രോഹിക്കുന്ന ഈ നടപടിയിൽ ഈ സഭ ഒന്നടങ്കം പ്രതിഷേധിക്കണമെന്നും ഈ പ്രമേയം ഐകകണ്ഠ്യേന പാസാക്കിത്തരണമെന്നും പറഞ്ഞുകൊണ്ട് ഞാൻ എൻെറ പ്രസംഗം ഉപസംഹരിക്കുന്നു.

ശ്രീ. പി. കെ. ശ്രീനിവാസൻ: സർ, ഞാൻ ഈ പ്രമേയങ്ങളെ പിന്താങ്ങുകയാണ്. അടുത്ത കാലത്ത് നമ്മുടെ കേന്ദ്രഗവൺമെൻറ് റബ്ബർ

LIBRARY ARCHIVES Kerala Legislative Assembly

ഇറക്കുമതിക്ക് സബ്സിഡി ഏർപ്പെടുത്തിക്കൊണ്ട് ഒരു തീരുമാനമെടുത്തു. തീർച്ചയായും ഈ തീരുമാനം നമ്മുടെ കേരളസംസ്ഥാനത്തെ റബ്ബർ കൃഷിക്കാരേയും നമ്മുടെ സമ്പദ്വ്യവസ്ഥയേയും സാരമായി ബാധിക്കുന്ന ഒരു തീരുമാനമാണെന്നുള്ള കാര്യത്തിൽ സംശയമില്ല. അതുമാത്രമല്ല, ഈ രാജ്യത്തെ വൻകിട വ്യവസായികൾക്കുവേണ്ടി, വിദേശകുത്തകകൾക്കുവേണ്ടി അവരെ സഹായിക്കുന്നതിനുള്ള നടപടിയാണ് കേന്ദ്രഗവൺമെൻറ് എടുത്തിട്ടുള്ളത് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ റബ്ബർ ഉൽപാദിപ്പിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. അതായത് 95 ശതമാനത്തോളം റബ്ബർ നമ്മുടെ സംസ്ഥാനത്തുനിന്നും ഉൽപാദിപ്പിക്കുന്നു. റബ്ബർ ഉൽപാദനരംഗത്ത് നിൽക്കുന്നത് വലിയ മുതലാളിമാരൊന്നും അല്ല. 80 ശതമാനത്തിലധികവും ഉൽപാദിപ്പിക്കുന്നത് 5 ഏക്കറിനു താഴെ മാത്രം ഭൂമിയുള്ള റബ്ബർ കൃഷിക്കാരാണ്. മാത്രവുമല്ല, 50 സെൻറ് സ്ഥലമായാലും അവിടെ റബ്ബർ നട്ടുപിടിപ്പിച്ച് സ്വന്തമായി ടാപ്പുചെയ്തു കഴിയുന്ന റബ്ബർ കൃഷിക്കാർ ഉൾപ്പെടെയുള്ള ചെറുകിട കൃഷിക്കാർ ധാരാളമുള്ള ഒരു സംസ്ഥാനമാണ് നമ്മുടേത്. റബ്ബറിന് ന്യായമായ വില കിട്ടുന്നതിനുവേണ്ടി, താരിഫ് ഏർപ്പെടുത്തണമെന്ന് കേന്ദ്രഗവൺമെൻറിനോട് നമ്മുടെ നിയമസഭ പലപ്രാവശ്യം നിവേദനം നടത്തിയിട്ടുണ്ട്. അങ്ങനെ റബ്ബർ കൃഷിക്കാരുടെ വികാരത്തെ, നിയമസഭയുടെ വികാരത്തെ പലപ്രാവശ്യവും കേന്ദ്രഗവൺമെൻറിൻെറ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതാണ്. എന്നിട്ടും നാളിതുവരെയായിട്ടും റബ്ബറിന് ന്യായമായ വില നിശ്ചയിക്കുവാൻ കേന്ദ്രഗവൺമെൻറ് തയ്യാറായിട്ടില്ലെന്ന് മാത്രമല്ല, കുത്തകക്കാരെ സഹായിക്കുന്നതിനുവേണ്ടി പുതിയ പുതിയ തീരുമാനങ്ങൾ കേന്ദ്രഗവൺമെൻറ് എടുക്കുന്നത് പരിതാപകരമാണ്. റബ്ബർകൊണ്ടുൽപാദിപ്പിക്കുന്ന ടയറിൻെറയും അതുപോലുള്ള മറ്റുൽപന്നങ്ങളുടെയും വിലയെടുത്ത് പരിശോധിച്ചാൽ എത്ര വലുതാണ്. എന്നാൽ അതേസമയത്ത് അസംസ്കൃത റബ്ബറിനുള്ള വില പന്ത്രണ്ട് സംവൽസരകാലങ്ങൾക്ക് മുൻപുള്ളതാണ്. അതെടുത്തു പരിശോധിച്ചാൽ വളരെ ദയനീയമാണ്. വളരെയധികം ഉൽപാദനച്ചെലവ് ഈ രംഗത്ത് വന്നുകൊണ്ടിരിക്കുകയാണ്. തൊഴിലാളികൾക്ക് ന്യായമായ ശമ്പളം കൊടുക്കണം, മിനിമം വേജസ് കൊടുക്കണം. അതുപോലെ മറ്റാനുകൂല്യങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ട്. അതൊക്കെ നിലനിൽക്കണം. ഉൽപാദനത്തിനുവേണ്ടി അധികച്ചെലവ് വരുന്ന ഈ സാഹചര്യത്തിൽ താരിഫ്വിലയെ സംബന്ധിച്ച്, ന്യായമായ വില കിട്ടുന്നതിനെ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് അറച്ചുനിൽക്കുന്ന കേന്ദ്രഗവൺമെൻറ് റബ്ബർ കുത്തകമുതലാളിമാർക്ക് വേണ്ടി ഇത്തരം ഒരു വലിയ സൗജന്യം ചെയ്തത് നമ്മുടെ രാജ്യത്തെ റബ്ബർ കൃഷിക്കാരോട് കാണിച്ച കടുത്ത അനീതിയാണ്. അതുകൊണ്ട് ഈ രാജ്യത്തെ റബ്ബർ കൃഷിക്കാരുടെ നിലനിൽപ്പിനു ഈ രാജ്യത്തെ സമ്പദ്വ്യവസ്ഥയുടെ നിലനിൽപ്പിനു വളരെയാവശ്യമായ ന്യായമായ വിലകിട്ടുന്നതിനുള്ള നമ്മുടെ വികാരത്തെ കേന്ദ്രഗവൺമെൻറിനെ അറിയിക്കണം. അതുപോലെതന്നെ നമ്മുടെ എല്ലാ വാണിജ്യവിളകൾക്കും ന്യായമായ വില കിട്ടുന്നതിനു എതിരായിട്ടുള്ള കേന്ദ്രഗവൺമെൻറിൻെറ നീക്കത്തിൽ ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തണം. ഈ രണ്ട് പ്രമേയങ്ങളിലും ഈ പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നതുകൊണ്ട് ഒരിക്കൽ കൂടി ഈ പ്രമേയങ്ങളെ അനുകൂലിച്ചുകൊണ്ട് ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. പി. എസ്തോസ്: സർ, ശ്രീ. ടി. കെ. അബ്ദു അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിൻതാങ്ങുകയാണ്. ഈ പ്രമേയത്തിൽ പറഞ്ഞി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ള പ്രധാനപ്പെട്ട ഒരു കാര്യം നമ്മുടെ വ്യവസായത്തിന് ആവശ്യമായ റബ്ബർ ഇവിടെ തികയാത്തതുകൊണ്ട് പുറത്തുനിന്നും ഇറക്കുമതി ചെയ്യുന്നുവെന്നും ഇറക്കുമതി ചെയ്യുന്ന റബ്ബറിന് സബ്സിഡി കൊടുക്കുവാൻ ഗവൺമെൻറ് തയ്യാറാകുന്നുവെന്നുമാണ്. അതിൻെറ സ്ഥിതിവിവരക്കണക്കിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഗവൺമെൻറിൻെറ പ്രഖ്യാപനം ഒരു കാര്യം വ്യക്തമാക്കിയിട്ടുണ്ട്. പുറത്തുനിന്നും ഇറക്കുമതി ചെയ്യുന്ന റബ്ബറിൻെറ വിലയും ആഭ്യന്തരമാർക്കറ്റിലെ വിലയും തമ്മിൽ കോമ്പൻസേറ്റ് ചെയ്യണമെങ്കിൽ ഇറക്കുമതി ചെയ്യുന്ന വ്യവസായികൾക്ക് ഗവൺമെൻറ് സഹായധനം നൽകിയാൽ മാത്രമേ, എസ്. ടി. സി. ക്ക് ഗവൺമെൻറ് സഹായധനം നൽകിയാൽ മാത്രമേ ആഭ്യന്തരമാർക്കറ്റിലെ വിലയ്ക്ക് റബ്ബർ വ്യവസായികൾക്ക് കൊടുക്കാൻ കഴിയൂ. ആഭ്യന്തരമാർക്കറ്റിലെ റബ്ബറിന് വില കുറവാണ്. പുറത്തുനിന്നും ഇറക്കുമതി ചെയ്യുന്ന റബ്ബറിന് ഇറക്കുമതിച്ചുങ്കവും ട്രാൻസ്പോർട്ടിംഗ് ചാർജ്ജും ഒക്കെ കൊടുക്കണം. അതുകൊണ്ടാണ് സബ്സിഡി കൊടുക്കുവാൻ കേന്ദ്ര ഗവൺമെൻറ് തയ്യാറായിട്ടുള്ളത്. കേരളത്തിലെ റബ്ബർ കൃഷിക്കാർ നിരന്തരമായി ആവശ്യപ്പെടുന്നത് റബ്ബറിൻെറ ഉൽപാദനച്ചെലവുമായി ബന്ധപ്പെടുത്തിയ വിലനിർണ്ണയം വേണമെന്നാണ്. വിലനിർണ്ണയത്തിൻെറ ചർച്ച ഇപ്പോഴോ മാത്രമല്ല നമ്മുടെ നിയമസഭയിൽ നടന്നിട്ടുള്ളത് ഇതിനുമുമ്പ് പലപ്രാവശ്യവും നടന്നിട്ടുള്ളതാണ്. തെരഞ്ഞെടുപ്പ് ബന്ധപ്പെടുത്തി പലപ്പോഴും പലപ്രഖ്യാപനങ്ങളും വരാറുണ്ട്. 1970-ലെ തെരഞ്ഞെടുപ്പിനെ മുൻനിറുത്തിയാണ് അന്ന് ഗവൺമെൻറ് മിനിമം വില പ്രഖ്യാപിച്ചത്. അതിനുശേഷം പിന്നീടൊരു പ്രഖ്യാപനം വന്നത് വിലയുമായി യാതൊരു പൊരുത്തവുമില്ലാത്ത രീതിയിലുള്ളതാണ്. അതാണ് ഇന്ന് കൃഷിക്കാർക്ക് നിലവിലുള്ളത്. ഈ രാജ്യത്ത് നിലനിൽക്കുന്ന വാങ്ങുന്നവരും വിൽക്കുന്നവരും തമ്മിലുള്ള വൈരുദ്ധ്യത്തിനെതിരായിട്ടുള്ള കൃഷിക്കാരുടെ ശബ്ദം ഇന്നും ദുർബ്ബലമാണ്. കൃഷിക്കാരുടെ ആവശ്യങ്ങളെ അവർ ഒത്തൊരുമിച്ചുനിന്ന് യോജിപ്പോടുകൂടി ശബ്ദമുയർത്തുന്നതിന് കഴിയുന്നില്ലെന്നുള്ളതുകൊണ്ടു മാത്രമല്ല, ഒരു ഗവൺമെൻറിൻെറ സാമ്പത്തിക—രാഷ്ട്രീയ നയങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് അസംസ്കൃത സാധനങ്ങളുടെ വില, പ്രത്യേകിച്ചും കാർഷിക വിളകളെ ബന്ധപ്പെടുത്തി വില നിർണ്ണയിക്കുന്നില്ല. നമ്മുടെ നിയമസഭയിൽ ശബ്ദമുയരുമ്പോഴെല്ലാം നമ്മുടെ ഗവൺമെൻറ് സഭയുടെ ശബ്ദവുമായി യോജിക്കും. അത് കഴിഞ്ഞാൽ പിന്നെ എന്തു നടപടികളാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്. ഈ കാര്യത്തിൽ ഗവൺമെൻറിൻെറ തുടർന്നുള്ള നടപടിയെന്താണെന്ന് ഈ ഗവൺമെൻറ് വ്യക്തമാക്കുവാൻ തയ്യാറാകണം.

സബ്സിഡി പ്രഖ്യാപിച്ചിട്ട് മാസങ്ങളായി പലതായി. റബ്ബറിൻെറ മിനിമം വിലയെ സംബന്ധിച്ച് പ്രമേയം പാസ്സാക്കിയിട്ട് നാളുകളും പലതുകഴിഞ്ഞു. എന്നിട്ട് എന്ത് ഫോളോ അപ്പ് ആക്ഷനാണുള്ളത്. ജനങ്ങളെ പറ്റിക്കുവാൻ വേണ്ടി പലതും പലപ്പോഴും പറയാറുണ്ട്. ട്രഷറി ബഞ്ചിലിരിക്കുന്നവർ ഇതിനോട് യോജിക്കുന്നത് ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ വേണ്ടിയാണ്. നമ്മുടെ നാട്ടിലെ ഉദ്യോഗസ്ഥവൃന്ദത്തിൻെറ നിലപാടെന്താണെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? സംസ്ഥാന സെക്രട്ടേറിയറ്റിലും കേന്ദ്രസെക്രട്ടേറിയറ്റിലും ഇരിക്കുന്ന നിക്ഷിപ്തതാൽപര്യക്കാർ എവിടെയാണ് നിൽക്കുന്നത്? കേന്ദ്രത്തിലിരിക്കുന്ന ഐ. എ. എസ്. കാരേയും ഇവിടെയിരിക്കുന്ന ഐ. എ. എസ്. കാരേയുമല്ല ഞാൻ പറയുന്നത്. കേന്ദ്രത്തിലും ഇവിടെയും നിക്ഷിപ്ത

LIBRARY ARCHIVES Kerala Legislative Assembly

താൽപര്യക്കാരുടെ വക്താക്കളായി പ്രവർത്തിച്ച് വേണ്ട സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചുകൊടുക്കുന്ന നടപടിയാണിന്നുള്ളത്.

തൊഴിലാളികൾക്ക് ബോണസ് കൊടുക്കുന്നു, അവരുടെ എസ്റ്റാബ്ലിഷ്മെൻറ് വർദ്ധിക്കുന്നു, അതിൻെറയടിസ്ഥാനത്തിൽ വില വർദ്ധിക്കുന്നു. എന്നാൽ അതിൻെറ ശിക്ഷയനുഭവിക്കേണ്ടത് കൃഷിക്കാരാണ്. ആ നിലയ്ക്ക് കൃഷിക്കാരുടെ ഭാഗത്തേക്കുള്ള നടപടി എന്താണ് എന്നുള്ളതാണ് മുഖ്യമായ വിഷയം. നിരന്തരമായി പ്രമേയം അവതരിപ്പിക്കുന്നതുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടായിട്ടല്ല വീണ്ടും വീണ്ടും പ്രമേയം അവതരിപ്പിക്കുന്നത്. ഈ നാട്ടിലെ ജനങ്ങളുടെ വികാരങ്ങൾ പ്രതിഫലിപ്പിക്കുവാൻ ഈ നിയമസഭയുടെ മാത്രം വികാരം പോരാ. തുടർന്നുള്ള നടപടികൾ സ്വീകരിക്കുവാൻ ഗവൺമെൻറ് സമ്മർദ്ദം ചെലുത്തുകയെന്നുള്ള ലക്ഷ്യത്തോടുകൂടിയാണ് ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് ആ അടിസ്ഥാനത്തിൽ ഈ പ്രമേയം ഇവിടെ പാസ്സാക്കുകയും തുടർന്നുള്ള നടപടികൾ മുമ്പോട്ട് കൊണ്ടുപോവുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

12 noon] പ്രൊഫ. ഇ. കെ. പിള്ള: സർ, രണ്ടും മൂന്നും പ്രമേയങ്ങൾക്കുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(1) രണ്ടാം പ്രമേയത്തിൽ നാലാം വരിയുടെ പ്രാരംഭത്തിൽ "എത്രയും വേഗം" എന്നുകൂടി ചേർക്കണം.

(2) മൂന്നാം പ്രമേയത്തിൽ നാലാം വരിയുടെ പ്രാരംഭത്തിലുള്ള "ഉൽക്കണ്ഠം രേഖപ്പെടുത്തുകയും" എന്നതുമാറ്റി "ശക്തിയായി പ്രതിഷേധിക്കുകയും" എന്നു ചേർക്കണം.

സർ, ഇതിൻെറ സ്ഥിതിവിവരക്കണക്കിനെക്കുറിച്ച് സമയച്ചുരുക്കം കൊണ്ട് ഒന്നും പറയുന്നില്ല. സ്വാതന്ത്ര്യലബ്ധിക്കു മുമ്പും സ്വാതന്ത്ര്യം ലഭിച്ചതിനുശേഷവുമുള്ള ആദ്യകാലഘട്ടങ്ങളിലും നമ്മുടെ മുഖ്യശത്രുവായി കണ്ടുകൊണ്ടിരുന്നത് ജൻമി ഫ്യൂഡൽ വ്യവസ്ഥയാണ്, ഈ കാലഘട്ടം പരിശോധിക്കുമ്പോഴും കൃഷിക്കാരുടെ ശത്രുവായി മാറിക്കൊണ്ടിരിക്കുന്നത് കുത്തക വൻകിട മുതലാളിമാരാണ്. കുത്തക വൻകിട മുതലാളിമാരെന്ന് പറയുമ്പോഴും സാർവ്വദേശീയ സ്വഭാവം കൊടുത്താൽ പറ്റില്ല നമ്മുടെ രാജ്യത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാർഷികവിളകളായ റബ്ബറിൻെറ കാര്യത്തിലായാലും നാളികേരത്തിൻെറ കാര്യത്തിലായാലും കാലാകാലങ്ങളിലുള്ള കേന്ദ്രസർക്കാരിൻെറ ഇറക്കുമതി ചെയ്യാനുള്ള തീരുമാനം കൃഷിക്കാരെ ദ്രോഹിക്കുക മാത്രമല്ല ഈ രാജ്യത്തെ സമ്പന്നവർഗ്ഗത്തെ സഹായിക്കുക കൂടിയാണ് ചെയ്യുന്നത്. കേന്ദ്രഗവൺമെൻറ് തുടർന്നുവരുന്ന നയത്തിൻെറ ഭാഗം മാത്രമാണ് ഇത്. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇൻഡ്യാഗവൺമെൻറ് ഏതുകാലഘട്ടത്തിലും തുടർന്നുവന്ന നയമാണ് ഇപ്പോഴും റബ്ബർ കൃഷിക്കാരോടും നാളികേരക്കൃഷിക്കാരോടും മറ്റ് പല കൃഷിക്കാരോടും തുടർന്നുവരുന്നത്. അപൂർവ്വം ചില കുത്തകക്കാർക്കും വൻകിടക്കാർക്കും സൗകര്യമുണ്ടാക്കിക്കൊടുക്കുകയും കൃഷിക്കാരെ ദ്രോഹിക്കുകയും ചെയ്യുന്ന കേന്ദ്രഗവൺമെൻറിൻെറ നയത്തിൽ പ്രതിഷേധിക്കുന്നതിന് ലളിതമായ വാക്കുകൾ പോര. റബ്ബർ കൃഷിക്കാരുടെ ശബ്ദം അതിനുവേണ്ടി ഉയരണം. അതിനുവേണ്ടി നിയമസഭയുടെ എല്ലാഭാഗത്തുനിന്നുമുള്ള സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. ജോസഫ്: സർ, രണ്ടാമത്തെ പ്രമേയത്തിന് ഞാൻ കൊടുത്തിരിക്കുന്ന ഭേദഗതി അവതരിപ്പിക്കുകയാണ്.

പ്രമേയത്തിൽ ''കേന്ദ്രതീരുമാനം ഉടനടി റദ്ദുചെയ്യണമെന്ന്'' ഭേദഗതിചെയ്യണം. ബഹുമാനപ്പെട്ട അബ്ദുവും ജോർജ്മാത്യുവും ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. അതിന്റെ സ്ഥിതിവിവര കണക്കുകളെ കുറിച്ചൊന്നും ഞാൻ പറയുന്നില്ല. റബ്ബർ ബോർഡിന്റെ കണക്കനുസരിച്ച് കഴിഞ്ഞവർഷത്തെക്കാളും റബ്ബറിന്റെ ഉൽപാദനം വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. ആ സത്യം നിലവിലിരിക്കെ കേന്ദ്രത്തിൽ നിലവിലിരിക്കുന്ന ചരൺസിംഗിന്റെ കാവൽ മന്ത്രിസഭ സബ്സിഡി കൊടുത്തുകൊണ്ട് റബ്ബർ ഇറക്കുമതി ചെയ്യാൻ പ്രോൽസാഹിപ്പിക്കുന്ന തീരുമാനം എടുത്തതിന്റെ പിന്നിലുള്ള പ്രചോദനം എന്താണെന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ട്. എനിക്ക് തോന്നുന്നത് ഈ വ്യവസായികളെ അടുത്ത തെരഞ്ഞെടുപ്പിൽ പ്രയോജനപ്പെടുത്താമെന്നുള്ളതായിരിക്കുമെന്നാണ്. ഈ രാജ്യത്തെ കർഷകനു അവൻ ഉൽപാദിപ്പിക്കുന്ന റബ്ബറിനു ഉൽപാദന ചെലവുപോലും ലഭിക്കുന്നില്ലെന്നു കേന്ദ്ര ഗവൺമെൻറിന്റെ സ്ഥാപനമായ റബ്ബർ ബോർഡും കേരളാ ഗവൺമെൻറും നിരന്തരമായി ആവശ്യപ്പെട്ടിട്ടും റബ്ബർ കയറ്റുമതിയ്ക്ക് അഞ്ചുപൈസ സബ്സിഡി അനുവദിച്ചുകൊണ്ട് ഈ രാജ്യത്തെ കർഷകനെ സഹായിക്കാതിരുന്ന കാര്യം നമുക്കെല്ലാവർക്കും അറിയാം. അന്ന് കേന്ദ്ര ഗവൺമെൻറിനോട് ആവശ്യപ്പെട്ടപ്പോൾ സാമ്പത്തിക ബാധ്യതയുണ്ടാകുമെന്നും സെസ്സായിട്ട് പിരിച്ചെടുക്കുന്ന തുക സബ്സിഡിയായി നൽകാനുള്ളതല്ലെന്നും ഈ രാജ്യത്തെ റബ്ബറിന്റെ ഉൽപാദനം വർദ്ധിപ്പിക്കാൻവേണ്ടി ഉപയോഗപ്പെടുത്താനുള്ളതാണെന്നും പറഞ്ഞിരുന്നു. എന്നാൽ റബ്ബർ ഉൽപാദനം വർദ്ധിപ്പിക്കുന്നത് ഇറക്കുമതിചെയ്തുകൊണ്ടാണോ എന്നുള്ള സംശയം ഉണ്ടായിരിക്കുന്നു. ഈ രാജ്യത്തെ റബ്ബർ കർഷകനു ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഉപയോഗിക്കേണ്ട തുക വൻകിട വ്യവസായികൾക്ക് സബ്സിഡിയായി നൽകുകയാണ്. അടുത്ത തെരഞ്ഞെടുപ്പിനെ ഉദ്ദേശിച്ചാണ് ഇത് ചെയ്യുന്നതെന്നാണ് തോന്നുന്നത്. റബ്ബർ ഇറക്കുമതിചെയ്യുന്നതിനു കേന്ദ്ര ഗവൺമെൻറ് തീരുമാനമെടുക്കാൻ പോകുന്നുവെന്നു കേട്ടപ്പോൾ കഴിഞ്ഞനിയമസഭാസമ്മേളനത്തിൽ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ചലനമുണ്ടാവുകയും അതിനെതിരായി ശബ്ദമുയർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു ദിവസത്തെ ചർച്ചനടത്തുകയും ചെയ്തു. എന്നാൽ ഇന്ന് ഗവൺമെൻറിന്റെ ഭാഗത്തുനിന്ന് യാതൊരു ചലനവും ഉണ്ടായിട്ടില്ല എന്നുള്ളത് ഖേദകരമാണ്. ഇതിനെ മൗനമായി അംഗീകരിക്കുകയല്ലേയെന്ന് തോന്നിപ്പോകുന്നു. അടുത്ത മഹാസഖ്യത്തിലേക്ക് ഞങ്ങളും ചെല്ലാനുള്ളതാണല്ലോ എന്തെങ്കിലും പറഞ്ഞാൽ ചരൺസിംഗിന് കോപമുണ്ടായാലോ എന്ന് തോന്നിയിട്ടാണോ സീറ്റുകളുടെ എണ്ണം കുറയുമെന്നുള്ള ധാരണകൊണ്ടാണോ എന്ന് അറിയില്ല ഭരണകക്ഷിയുടെ ഭാഗത്തുനിന്ന് ഇതിനെതിരായി ശബ്ദം ഉയരുന്നില്ല. റബ്ബർ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനു ഉപയോഗിക്കേണ്ട പണമെടുത്ത് വ്യവസായികളുടെ മടിക്കുത്തിലേക്ക് ഇട്ടുകൊടുക്കുമ്പോൾ നിർജ്ജീവമായി കേരള ഗവൺമെൻറ് നോക്കിയിരിക്കുന്നത് ആക്ഷേപകരമാണ്. പതിനായിരക്കണക്കിനു ചെറുകിടകൃഷിക്കാരുടെ നട്ടെല്ലൊടിക്കുന്ന ഒരു തീരുമാനം കാവൽ മന്ത്രിസഭ എടുത്തിട്ട് അതിനെ ചോദ്യം ചെയ്യാൻ ഈ ഗവൺമെൻറിനു സാധിക്കുന്നില്ലെങ്കിൽ അത് ലജ്ജാകരമാണ്. ഈ പ്രശ്നം കേന്ദ്ര ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടുത്താനുള്ള ബാധ്യത മുഖ്യമന്ത്രിയ്ക്കും

LIBRARY ARCHIVES Kerala Legislative Assembly

ഗവർൺമെൻറിനുമുണ്ട്. വെറുതെ ഇവിടെയിരുന്ന് പ്രസംഗിച്ചിട്ട് കാര്യ മില്ല. ഈ പ്രമേയത്തെ ഒരിക്കൽക്കൂടി പിന്താങ്ങികൊണ്ട് അവസാനി പ്പിക്കുന്നു.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: സർ, രണ്ടാം പ്രമേയത്തിൽ ഒന്നാമത്തെ വരിയിൽ ''കേരളത്തിലെ'' എന്ന വാക്കിന് മുമ്പായി ''ഇൻഡ്യ യിൽ ഏറ്റവും കൂടുതൽ റബ്ബർ ഉൽപ്പാദിപ്പിക്കുന്നു'' എന്നവാക്കുകൂടി ചേർക്കണം എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ അവതരിപ്പി ച്ചിരിക്കുന്ന രണ്ടു പ്രമേയങ്ങളേയും ഞാൻ അനുകൂലിക്കുകയാണ്. കേവലം ചില ആളുകളുടെ താൽപര്യങ്ങളെ രക്ഷിക്കാൻവേണ്ടി ബഹുഭൂരിപക്ഷം ആളുകളേയും ദ്രോഹിക്കുന്ന ഒരു നടപടി കേന്ദ്ര ഗവൺമെൻറ് സ്വീകരിച്ചി ട്ടുണ്ട്. റബ്ബർ വ്യവസായരംഗത്ത് മാത്രമല്ല മറ്റു പല രംഗങ്ങളിലും കേരളത്തെ സംബന്ധിച്ചിടത്തോളം കേന്ദ്ര ഗവൺമെൻറ് ഒരു ചിറ്റമ്മനയം അവലംബിച്ചു നടപ്പാക്കാൻ ശ്രമിക്കുന്നു എന്നുള്ളത് സത്യമാണ്. കൊപ്രയു ടേയും വെളിച്ചെണ്ണയുടേയും ഇറക്കുമതിയുടെ കാര്യത്തിലായാലും നമ്മുടെ കയർ ഉൽപ്പന്നത്തിന് വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നതിന് ചുമത്തിയിരിക്കുന്ന നികുതിയായിരുന്നാലും ഇങ്ങനെ പല കാര്യങ്ങളും എടുത്തു പരിശോധിച്ചാലും ഇന്നു നമ്മുടെ കേരളത്തിലെ ജനങ്ങൾക്കെതി രായി ഒരു സമരം ആരംഭിച്ചിരിക്കുന്നതാണോ എന്ന് സംശയിക്കേണ്ടിയിരി ക്കുന്നു. ഇവിടെ മനസ്സിലാക്കാൻ സാധിക്കാത്ത ഒരു വിരോധാഭാസം എന്താണെന്നു ചോദിച്ചാൽ ഈ സബ്സിഡി കൊടുത്ത് റബ്ബർ ഇറക്കു മതി ചെയ്യാൻ തയ്യാറാകുന്ന കേന്ദ്ര ഗവൺമെൻറ് നമ്മൾ ഉൽപ്പാദിക്കുന്ന ടയ റിൻെറ വില നിയന്ത്രിക്കാൻകൂടി തയ്യാറാകുന്നില്ല എന്നതാണ് ഏറ്റവും പരിതാപകരമായ ഒരു അവസ്ഥ. ടയറിൻെറ വിലയാണെങ്കിൽ കഴിഞ്ഞ രണ്ടുവർഷത്തിനു മുൻപുണ്ടായിരുന്ന വിലയുടെ എത്രാണ്ട് നൂറു ശതമാനം വർദ്ധിച്ചിട്ടുണ്ട് എന്നു നമുക്ക് അനുഭവമുള്ള കാര്യമാണ്. റബ്ബ റിൻെറ വിതു ഉൽപ്പന്നം ആയിരുന്നാലും ആ ഉൽപ്പന്നങ്ങളുടെയെല്ലാം വില അങ്ങേയറ്റം വർദ്ധിക്കാനുള്ള ഒരു പ്രവണത ഇവിടെ കണ്ടുകൊണ്ടിരിക്കുക യാണ്. ഓരോ ദിവസവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന വിലയെ ഒന്നു നിയന്ത്രിക്കാൻ നടപടി സ്വീക രിക്കാതെ കേന്ദ്ര ഗവൺമെൻറ് റബ്ബർ വ്യവസായികളെ സഹായിക്കുന്ന ഒരു നയം സ്വീകരിച്ചിരിക്കുന്ന നടപടി പ്രതിഷേധാർഹമാണ്. കഴിഞ്ഞ കുറെ നാളുകളായി നമ്മുടെ സംസ്ഥാന ഗവൺമെൻറ് നിയമസഭ കൂടുന്ന എല്ലാ സമ്മേളനങ്ങളിലും എൻെറ ഓർമ്മ ശരിയാണെങ്കിൽ മിക്ക സമ്മേളനങ്ങ ളിൽ തന്നെയും റബ്ബറിൻെറ നയത്തെക്കുറിച്ചും അതുപോലെ വെളിച്ചെണ്ണ യുടെ നയത്തെക്കുറിച്ചും ഒരു നടപടി ഇവിടെ സ്വീകരിച്ചിട്ടുണ്ട്. പക്ഷേ അതിനനുസരണമായ പ്രതികരണം അവിടെ ഉണ്ടായിട്ടുണ്ടോ എന്നു ചോദി ച്ചാൽ ഇല്ല എന്നുള്ളതാണ് സത്യമാണ്. എത്രയായാലും ഇക്കാര്യത്തിൽ നമ്മുടെ സംസ്ഥാന ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിനോട് ഒരു ശക്തമായ പ്രതിഷേധനയം സ്വീകരിക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. ജെ. ചിത്തരഞ്ജൻ: സർ, നമ്മുടെ രാജ്യത്ത് ഒട്ടാകെ ആവശ്യമാ യിട്ടുള്ള റബ്ബറിൻെറ ഏറിയപങ്കും ഉൽപ്പാദിപ്പിക്കുന്നത് നമ്മുടെ ഈ കേരളസംസ്ഥാനത്തിലാണ്. ആ നിലയിൽ റബ്ബർ കൃഷിക്ക് നമ്മുടെ സമ്പത്ത് വ്യവസ്ഥയിൽ വളരെ മർമ്മപ്രധാനമായ ഒരു സ്ഥാനമാണുള്ളത്. നിർഭാഗ്യവശാൽ ഇതിൽ ഏർപ്പെട്ടിരിക്കുന്ന കൃഷിക്കാരെ സംബന്ധിച്ചിട ത്തോളം ന്യായമായ ഒരു വില അവരുടെ ഉൽപ്പന്നങ്ങൾക്ക് ലഭിക്കാതെയിരി ക്കുന്നഒരു അനുഭവമാണ് ഈ കാലമത്രയുമുള്ളത്. അത് ഈ രാജ്യത്ത്

LIBRARY ARCHIVES Kerala Legislative Assembly

വലിയ കുത്തക കമ്പനിക്കാരായ ടയർ കമ്പനിക്കാർ അവരുടെ താൽപര്യങ്ങളെ മുൻനിറുത്തി വിലനിർണ്ണയം നടത്തുകയും അത്തരം വില നിർണ്ണയത്തിനു കേന്ദ്ര ഗവൺമെൻറിന്റെ അനുമതി വാങ്ങുകയും, സഹായം തേടുകയും ചെയ്യുന്നതിൽകൂടി കൃഷിക്കാരെ വളരെയധികം ദ്രോഹിക്കുന്ന ഒരു അനുഭവമാണ് ഈ കാലമത്രയുമുള്ളത്. ചില സന്ദർഭങ്ങളിൽ റബ്ബറിന്റെ വില വളരെ കാര്യമായി ഇടിച്ചുതാഴ്ത്തുന്നതിനെതിരായി ബഹുജന പ്രക്ഷോഭണങ്ങളൊക്കെ ഉയരുമ്പോഴും തറവില പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ അത്തരം സന്ദർഭങ്ങളിൽപ്പോലും ആ വില നിരക്ക് കൃഷികാർക്ക് ലഭിക്കും എന്നുറപ്പുവരുത്തുന്നതിന് ആവശ്യമായ സംവിധാനങ്ങളൊന്നും ഉണ്ടായിരുന്നില്ല. അതുകൊണ്ട് കൃഷിക്കാർക്ക് പ്രയോജനം ഉണ്ടായിട്ടില്ല. ഈ പശ്ചാത്തലത്തിലാണ് ഇപ്പോഴും വെളിയിൽനിന്നും ധാരാളമായി റബ്ബർ ഇറക്കുമതി ചെയ്യാനുള്ള ഒരു നീക്കം നടത്തിയത്. സ്വാഭാവിക റബ്ബറിനെ സംബന്ധിച്ചിടത്തോളം വിദേശ രാജ്യങ്ങളിൽനിന്നും വളരെയധികം ഇറക്കുമതി ചെയ്യാനുള്ള സൗകര്യം ഇല്ല എന്നു നമുക്കറിയാം. എന്നാൽകൂടി ഇവിടെ ഇങ്ങനെ ഒരു ഇറക്കുമതി നടത്താൻ ഒരു തീരുമാനം എടുക്കുന്നത് ആഭ്യന്തര കമ്പോളത്തിൽ പ്രധാനമായി റബ്ബറിന്റെ വില ഇടിച്ചുതാഴ്ത്തുന്നതിനു വേണ്ടിയാണ്. അത് നമ്മുടെ കൃഷിക്കാരെ സാരമായി ബാധിക്കും. വെളിയിൽനിന്ന് ഇറക്കുമതി ചെയ്യുന്ന റബ്ബറിനെ സംബന്ധിച്ചിടത്തോളം അതിന്റെ ഏറിയപങ്കും സിന്തറ്റിക് റബ്ബർ ആയതുകൊണ്ടും അതുതന്നെ പെട്രോളിയം പ്രോഡക്ട്സിനെ ആശ്രയിച്ചു ഉൽപ്പാദിപ്പിക്കുന്നവ ആയതുകൊണ്ടും അതിന്റെ വില നിരക്കുകൾ വളരെ ഉയർന്നു നിൽക്കും. അതിന് അങ്ങനെയുള്ള വില നിരക്കുകൾ ഉയർത്തുന്നതിന്റെ ഫലമായി കമ്പനികൾക്കു ഉണ്ടാകാവുന്ന വിഷമത പരിഹരിക്കുന്നതിനു വേണ്ടിയാണ് വലിയ മുതലാളിമാർക്കും ഈ സബ്സിഡി ഏർപ്പാടു ചെയ്യുന്നത്. ഇവിടെ സ്വാഭാവിക റബ്ബറിനു തന്നെ ന്യായമായ ആദായം കൃഷികാർക്ക് ലഭിക്കത്തക്ക തരത്തിൽ ഒരു വില നിരക്കു നിശ്ചയിച്ചാൽ അത് സംഭരിക്കാനും അത് വ്യവസായികൾക്ക് ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുവാനും കഴിയുമെന്നിരിക്കെ നമ്മുടെ രാജ്യത്ത് ഈ ഇറക്കുമതി അനുവദിക്കുന്നത് ശരിയല്ല; അതുകൊണ്ട് ഈ ഇറക്കുമതി നിറുത്തിവയ്ക്കേണ്ടതാണ്; ഇറക്കുമതി സബ്സിഡി അനുവദിക്കാനുള്ള തീരുമാനവും റദ്ദു ചെയ്യേണ്ടതാണ്; ആ നയം ഉപേക്ഷിക്കേണ്ടതാണ് എന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. എം. വി. രാജഗോപാലൻ: സർ, രണ്ടാം പ്രമേയത്തിൽ 3-ാം വരിയിൽ ''സബ്സിഡി നൽകുകയെന്ന കേന്ദ്രതീരുമാനം'' എന്നതിനുപകരം ''വൻകിട മുതലാളിമാരെ സഹായിക്കുന്ന കേന്ദ്രതീരുമാനം'' എന്നു ഭേദഗതിചെയ്യണം എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. റബ്ബർ കൃഷിക്കാരുടെ മാത്രമല്ല കഴിഞ്ഞ ഒട്ടേറെ വർഷമായി ഇൻഡ്യാരാജ്യത്തെ കൃഷിക്കാരോട് കഴിഞ്ഞകാല ഭരണാധികാരിവർഗ്ഗം ചെയ്ത അതേ സമീപനം തന്നെയാണ് ഈ റബ്ബർ പ്രശ്നത്തിന്റെ കാര്യത്തിലും. ഇറക്കുമതി ചെയ്യാനും റബ്ബറിന് സബ്സിഡി നൽകുന്നതിനുമുള്ള നയം. കാർഷികോൽപ്പന്നങ്ങൾ വ്യാവസായിക ഉൽപ്പന്നമാക്കി മാറ്റിയാൽ കൊള്ളലാഭം എടുക്കാനുള്ള സാമ്പത്തിക നയമാണ് കഴിഞ്ഞകാലമത്രയും ഇൻഡ്യാരാജ്യത്തിലെ ഭരണാധികാരിവർഗ്ഗം സമീപിച്ചുപോകുന്നത്. ആ സമീപനത്തിന്റെ തുടക്കം മാത്രമാണ് ഇവിടത്തെ കൃഷിക്കാർ പട്ടിണികിടന്നു മരിച്ചാലും റബ്ബർ പുറത്തുനിന്ന് ഇറക്കുമതി ചെയ്തത് ആ വ്യവസായികൾക്ക് കൊള്ളലാഭം എടുക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നത്. ഇറക്കുമതിക്ക് സൗകര്യം ചെയ്തുകൊടുത്തു എന്നു മാത്രമല്ല, ഇറക്കുമതിക്ക് സബ്സിഡി നൽകുകയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതേയവസരത്തിൽ കഴിഞ്ഞ ഒട്ടേറെ വർഷങ്ങളായി കേരളത്തിലെ റബ്ബർ കൃഷിക്കാർ അവർ ഉൽപ്പാദിപ്പിക്കുന്ന റബ്ബറിന് ഇന്നുകിട്ടുന്ന വില പോര, ഇതിന് തറവിലയെങ്കിലും നിശ്ചയിച്ചു കിട്ടണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് മുറവിളികൂട്ടുകയാണ്. ആ കൃഷിക്കാരന് തറവില നിശ്ചയിച്ചു മാനമായി ജീവിക്കാനാവശ്യമായ ഒരു വില നിലവാരം നിശ്ചയിക്കാൻ കഴിഞ്ഞ കേന്ദ്രസർക്കാരോ ഇപ്പോഴത്തെ കേന്ദ്ര സർക്കാരോ കൂട്ടാക്കുന്നില്ല. അതിന്റെ പ്രതിഷേധ സൂചകമായി ഈ പ്രമേയം ഈ സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ചില മെമ്പർമാരെ മുൻപു സൂചിപ്പിച്ചതുപോലെ പാസ്സാക്കൽ കർമ്മത്തിനു ഒരുങ്ങിനിൽക്കാതെ തുടർന്നുള്ള നടപടികളിലേക്ക് നീങ്ങണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: സർ, രണ്ടും മൂന്നും പ്രമേയങ്ങൾക്കുള്ള ഭേദഗതികൾ ഞാൻ അവതരിപ്പിക്കുകയാണ്.

(1) രണ്ടാം പ്രമേയത്തിൽ കേന്ദ്ര ''തീരുമാനം'' എന്നതിനുശേഷം ''ഉടൻ'' എന്നു ചേർക്കുക.

(2) മൂന്നാം പ്രമേയത്തിൽ ''ചെയ്യുന്ന നടപടി'' എന്നതിനുശേഷം ''ഉടൻ'' എന്നു ചേർക്കുക. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ രണ്ടു പ്രമേയങ്ങളേയും ഞാൻ ശക്തിയായി പിൻതാങ്ങുന്നു. ഈ പ്രമേയങ്ങളെക്കുറിച്ച് സഭയുടെ രണ്ടുഭാഗത്തുനിന്നും അഭിപ്രായങ്ങൾ ധാരാളം പറഞ്ഞുകഴിഞ്ഞു. അതിന്റെ വിശദമായ വശങ്ങളിലേക്കോ സ്ഥിതിവിവര കണക്കിലേക്കോ. റബ്ബറിന്റെ വില ഇടിയുന്നതുമൂലം കേരളത്തിലെ റബ്ബർ കൃഷിക്കാർക്ക് ഉണ്ടാകുന്ന കഷ്ടപ്പാടുകളെക്കുറിച്ചോ ഒന്നും തന്നെ പറയാൻ ഞാനാഗ്രഹിക്കുന്നില്ല. അതെല്ലാം പലരും പറഞ്ഞുകഴിഞ്ഞു. പക്ഷേ ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഈ സഭ ഒരു കൊല്ലം മുൻപ് ആദ്യമായി ഇവിടെ കൂടിയ സമ്മേളനത്തിൽ റബ്ബർ കൃഷിക്കാർക്ക് റബ്ബറിന്റെ വില കുറയുന്നുവെന്നും കേന്ദ്ര ഗവൺമെന്റ് ഈ നയത്തിൽ അംഗീകരിക്കുന്ന നയം തെറ്റാണെന്നും ശക്തിയായി അപലപിച്ചുകൊണ്ട് ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കുകയുണ്ടായി. കഴിഞ്ഞ 30 കൊല്ലക്കാലത്തിനുള്ളിൽ കേന്ദ്രത്തിൽ ഉണ്ടായിരുന്ന ഗവൺമെന്റുകളും അംഗീകരിച്ചിരുന്ന നയത്തിനെതിരായി താങ്ങുവില നിശ്ചയിക്കാതിരുന്ന ആ അവസരത്തിൽ ഈ സഭയുടെ എല്ലാഭാഗത്തുമുള്ള അഭിപ്രായത്തെ പരിഗണിച്ചുകൊണ്ട് അന്ന് കേന്ദ്രത്തിൽ അധികാരത്തിൽ വന്ന ജനതാ ഗവൺമെന്റ് 650 രൂപ പണ്ടെങ്ങുമില്ലാത്തവിധത്തിൽ റബ്ബറിനു താങ്ങുവില നിശ്ചയിച്ചു. ഇപ്പോൾ അത് മാത്രമല്ല അതിന്റെ പേരിൽ ഈ കേരളത്തിൽ പല വിളകൾക്കും ഗുണം കിട്ടുന്ന പല തീരുമാനങ്ങളും എടുത്തു. അന്ന് ആ ഗവൺമെന്റിനെ എതിർത്തുകൊണ്ട് പറഞ്ഞത് കുലാക്കുകളുടേയും മുതലാളിമാരുടേയും വ്യവസായികളുടേയുമൊക്കെ ഗവൺമെന്റാണെന്നാണ്. ആ ഗവൺമെന്റാണ് നമുക്ക് ഗുണം ചെയ്തത്. അതു കഴിഞ്ഞ് ഇന്ന് ആ കുലാക്കുകളാണെന്നു പറഞ്ഞ ആളും ഇന്ന് കർഷകരുടെ നേതാവായിരിക്കുന്നു. ആ കർഷകനേതാവ് ഇപ്പോൾ കാലുമാറി അധികാരത്തിൽവന്നു ജനതാ (എസ്) എന്നും ലോകദളം എന്നും പറഞ്ഞ് ഭരണം കിട്ടിയപ്പോൾ അയാളും ഇതാ വൻകിട മുതലാളിമാർക്കും ടയർ മുതലാളിമാർക്കും രക്ഷ നൽകാൻവേണ്ടിയിട്ട് കേരളത്തിലെ എല്ലാകൃഷിക്കാരേയും റബ്ബർ കൃഷിക്കാരേയും കഷ്ടപ്പെടുത്തുന്ന നിയമം കൊണ്ടുവന്നിരിക്കുന്നു. എന്നിട്ട് ഇന്നു പറയുന്നത് വൻകിട അന്താരാഷ്ട്ര കുത്തക മുതലാളിമാർക്ക് ഗുണം ചെയ്യുന്ന ഈ നിയമം കൊണ്ടുവന്ന

LIBRARY ARCHIVES Kerala Legislative Assembly

ചരൺസിംഗിന്റെ ഗവൺമെന്റിനെ പിൻതാങ്ങണം എന്നാണ്. അത് ഇടതു പക്ഷ വിപുല ജനാധിപത്യത്തിന് നേതൃത്വം കൊടുക്കലാണ്. ഈ തൊഴിലാളികൾക്ക്, കൃഷിക്കാർക്ക്, റബ്ബർ കൃഷിക്കാർക്ക് ദ്രോഹം ചെയ്യുന്ന ഈ നിയമം കൊണ്ടുവരുന്ന ഗവൺമെന്റ് ഇനിയും വരണം, ഈ നിയമം എല്ലാക്കാലത്തും വരണം. ഇന്നു മാത്രമല്ല ഒരു തിരഞ്ഞെടുപ്പുകഴിഞ്ഞ് അധികാരത്തിൽ വന്നാലും ഈ ചരൺസിംഗും ഈ കുലാക്കുകളും, ഈ വൻകിട മുതലാളിമാർക്ക് ഗുണം ചെയ്യുന്നവരായിരിക്കണം വരേണ്ടത് എന്നൊക്കെ പറയുന്നു. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഈ ഗവൺമെന്റ് ശക്തമായ നടപടി എടുക്കണം. കേന്ദ്ര ഗവൺമെന്റിനോടു പറയണം കേരളത്തിലെ റബ്ബർ കൃഷിക്കാർക്ക് രക്ഷ കിട്ടണം. പക്ഷേ അതുമാത്രംപോരാ. ഇങ്ങനെ ചെയ്ത ഗവൺമെന്റ് ഇനി അധികാരത്തിൽ വരരുത് എന്നിരിക്കൽ ഇത്തരം ചില കുലാക്കുകളും ചരൺസിംഗിന്റെ നേതൃത്വത്തിലുള്ളതായ കാലുമാറികളുമായിട്ടുള്ള ഈ ആളുകൾക്ക് എതിരായിട്ടുള്ള രാഷ്ട്രീയമായ നടപടികളും, ഈ പ്രസംഗിക്കുന്ന ആൾക്കാർ, റബ്ബർ കൃഷിക്കാരോട് അവർക്ക് അത്മാർത്ഥമായ ആഗ്രഹം ഉണ്ടെങ്കിൽ അംഗീകരിക്കണം.

മി: ചെയർമാൻ: ഇലക്ഷൻ പ്രചരണമൊക്കെ പിന്നെ മതി.

ശ്രീ. പി. ഭാസ്കരൻ: മൂന്നാമത്തെ പ്രമേയത്തിൽ ''ചെയ്യുന്ന നടപടി'' എന്നതിനുശേഷം ''അടിയന്തിരമായും'' എന്നു ചേർക്കുക എന്നുള്ള എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ടി. കെ. അബ്ദു അവതരിപ്പിച്ചിട്ടുള്ള രണ്ടാമത്തെ പ്രമേയവും ഡോ: ജോർജ്മാത്യു അവതരിപ്പിച്ചിട്ടുള്ള മൂന്നാമത്തെ പ്രമേയവും ഞാൻ സ്വാഗതം ചെയ്യുകയാണ്. രണ്ടാമത്തെ പ്രമേയത്തിൽ കേന്ദ്ര ഗവൺമെന്റ് തീരുമാനം ഉടൻ എന്ന ഭേദഗതി ഞാൻ നിർദ്ദേശിക്കുകയാണ്. അതുപോലെതന്നെ മൂന്നാമത്തെ പ്രമേയത്തിൽ ഇറക്കുമതി ചെയ്യുന്ന നടപടി അടിയന്തിരമായും നിറുത്തൽ ചെയ്യണമെന്ന ഒരു ഭേദഗതിയും കൂടെ അവതരിപ്പിച്ചുകൊണ്ട് ഞാൻ ഈ രണ്ടുപ്രമേയത്തേയും ശക്തിയായി അനുകൂലിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, മൂന്നാമത്തെ പ്രമേയത്തിൽ ''നടപടിയിൽ ഈ സഭ ഉൽക്കണ്ഠ രേഖപ്പെടുത്തുകയും'' എന്നതിനുപകരം ''പ്രതിഷേധം രേഖപ്പെടുത്തുകയും'' എന്നാക്കി മാറ്റണമെന്നുള്ള ഭേദഗതി ഞാൻ മൂന്നാമത്തെ പ്രമേയത്തിന് അവതരിപ്പിക്കുന്നു. ഞാൻ രണ്ട് പ്രമേയങ്ങളേയും പിൻതാങ്ങുകയാണ്. നമ്മുടെ സംസ്ഥാനത്തെ റബ്ബർ കൃഷിക്കാർ വളരെനാളുകളായി അനുഭവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം ഉണ്ടാക്കണമെന്നുള്ള ആഗ്രഹത്തിന്റെ പേരിലാണ് ഈ രണ്ട് പ്രമേയങ്ങളും ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. ഒന്ന് റബ്ബർ ഇറക്കുമതിചെയ്യാൻ സബ്സിഡി കൊടുക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം പുനഃപരിശോധിക്കണമെന്നുള്ളതും മറ്റൊന്ന് അടിക്കടി റബ്ബർ ഇറക്കുമതിചെയ്യാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കത്തിൽ പ്രതിഷേധിച്ചുകൊണ്ടുള്ളതുമാണ്.

സർ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കേരളമാണ് ഇന്ന് ഇൻഡ്യയ്ക്ക് ആവശ്യമുള്ള റബ്ബറിന്റെ സിംഹഭാഗവും ഉൽപാദിപ്പിക്കുന്നത്. പക്ഷേ ഇത് ഉൽപ്പാദിപ്പിക്കുന്ന സാധാരണക്കാരായ കൃഷിക്കാർക്ക് ആശ്വാസം പകർന്നു കൊടുക്കാൻ പല അവസരങ്ങളിലും നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് തയ്യാറായിട്ടില്ലയെന്നുള്ളത് ഒരു വസ്തുതയാണ്. മുൻകാലങ്ങളിലുള്ള ഗവൺമെൻറിനേറയും അതിനുശേഷംവന്ന ഗവൺമെൻറുകളുടേയുമൊക്കെ സമീപനം ആ രീതിയിലായിരുന്നു. അതിൽ വളരെ ശക്തമായ പ്രതിഷേധസ്വരം നമ്മുടെ സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്നും, കാർഷികസംഘടനകളുടെ ഭാഗത്തുനിന്നും, രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയൊക്കെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. പക്ഷേ ഈ രോദനങ്ങളെല്ലാം വനരോദനങ്ങളായി മാറുകയാണുണ്ടായത്. അതിൻെറ പ്രത്യക്ഷമായ ഒരു തെളിവാണ് റബ്ബർബോർഡും മറ്റും പറഞ്ഞിരുന്നിട്ട് കൂടിയും ഇത്തരം ഒരു തീരുമാനവുമായി രംഗത്ത് വരുവാൻ ഇന്ന് കേന്ദ്ര ഗവൺമെൻറ് തയ്യാറായിരിക്കുന്നത്. ഒരിക്കലും കേന്ദ്ര ഗവൺമെൻറിൻെറ ഈ നീക്കത്തെ അനുകൂലിക്കുവാൻ സാദ്ധ്യമല്ല. നമ്മുടെ രാജ്യത്ത് ബുദ്ധിമുട്ടനുഭവിക്കുന്ന സാധാരണക്കാരായ കർഷകരെ സംബന്ധിച്ചിടത്തോളം ഇത് വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. സാധാരണ ഒരേക്കറിലും രണ്ടേക്കറിലും മൂന്നേക്കറിലും ഒക്കെ കൃഷിചെയ്യുന്ന റബ്ബർ കൃഷിക്കാർ അവർക്കുകിട്ടുന്ന തുച്ഛമായ ആദായം കൊണ്ടാണ് ജീവിച്ചു വരുന്നത്. അത്തരത്തിലുള്ള ആളുകളെ സംബന്ധിച്ചിടത്തോളം തീർച്ചയായിട്ടും കേന്ദ്ര ഗവൺമെൻറിൻെറ ഇന്നത്തെ തീരുമാനം വളരെയേറെ പ്രശ്നങ്ങളുണ്ടാക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഞങ്ങളും ഈ വക കാര്യങ്ങൾക്കൊക്കെ എതിരായിട്ട് ശക്തമായ ബഹുജനപ്രക്ഷോഭണങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. മറ്റ് പല രാഷ്ട്രീയപ്രസ്ഥാനങ്ങളും ഈ നീക്കത്തിന് തുടക്കം കുറിച്ചിരിക്കുന്നതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന് ഇക്കാര്യത്തിൽ പ്രത്യേകമായ ഉൽകണ്ഠ ഉണ്ട് എന്നുവേണം കരുതുവാൻ. മുമ്പൊരിക്കൽ ഈ നിയമസഭയിൽ ഇത്തരത്തിലുള്ള ഒരു പ്രമേയം വളരെ ദീർഘമായി ചർച്ചചെയ്തിട്ടുണ്ട്. കേന്ദ്ര ഗവൺമെൻറ് ഇത്തരത്തിലുള്ള തീരുമാനവുമായി മുന്നോട്ടു പോവുകയാണെങ്കിൽ അവരെകൊണ്ട് തീരുമാനം പുനഃപരിശോധിക്കുവാൻ പ്രമേയം പാസാക്കിയാൽ പോരാ, എന്നാണ് എൻെറ അഭിപ്രായം. ഈക്കാര്യം കേന്ദ്ര ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയിട്ട് ഒരു അഖിലകക്ഷി നിവേദക സംഘംതന്നെ അവിടെ പോകുന്നതിൽ തെറ്റില്ലായെന്നാണ് എനിക്ക് തോന്നുന്നത്. നിവേദകസംഘത്തെ അയയ്ക്കുവാൻ പ്രയാസമുണ്ടെങ്കിൽ സംസ്ഥാന ഗവൺമെൻറിൻെറ പ്രതിനിധികൾ ഇക്കാര്യം ചർച്ചചെയ്യുന്നതിനുവേണ്ടി മാത്രമായിട്ടെങ്കിലും അവിടെ പോകുകയും കാര്യങ്ങൾ കേന്ദ്ര ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ റബ്ബർ കൃഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം ഉണ്ടാക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ രണ്ട് പ്രമേയങ്ങളേയും പിൻതാങ്ങുകയാണ്.

ശ്രീ. ഒ. ലൂക്കോസ്: സർ, മൂന്നാമത്തെ പ്രമേയത്തിൽ "ഇറക്കുമതി ചെയ്യുന്ന നടപടി" എന്നതിനുശേഷം "ഉടനെ" എന്നുകൂടി ചേർക്കുക എന്നുള്ള ഭേദഗതി ഞാൻ മൂന്നാമത്തെ പ്രമേയത്തിന് അവതരിപ്പിക്കുന്നു. തൂക്കിക്കൊലയ്ക്ക് വിധിക്കപ്പെട്ടവൻ അവൻതന്നെ അവനെ തൂക്കിക്കൊല്ലാനുള്ള കയറുകൂടി കൊണ്ടുചെല്ലണം എന്ന് വിധിക്കുന്നത് പോലെയാണ് സത്യത്തിൽ കേന്ദ്രഗവൺമെൻറ് ഈ റബ്ബറിൻെറ കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത്. കൃഷിക്കാരനെ ഉപദ്രവിക്കുന്നതിനുവേണ്ടി വലിയ വിലവിദേശമാർക്കറ്റിലുള്ള സന്ദർഭത്തിലാണ് ഇറക്കുമതി ചെയ്യാൻ ഗവൺമെൻറ് തീരുമാനിക്കുന്നത്. വൻകിട വ്യവസായികളെ സഹായിക്കാൻ, കൃഷിക്കാരുടെ നൻമക്കുവേണ്ടി ഉപയോഗിക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് പിരിച്ചെടുത്ത ആ പണംതന്നെ കൊടുത്ത് അവരെ ഉപദ്രവിക്കുമെന്നാണ് ഗവൺമെൻറ് തീരുമാനിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇൻഡ്യൻ റബ്ബർബോർഡും കേന്ദ്രഗവൺമെന്റും കുറച്ചുനാളുകളായി കേരളത്തിലെ കൃഷിക്കാരെ സഹായിക്കാൻ എന്നു പറഞ്ഞുകൊണ്ട് ചെയ്യുന്ന പരിപാടികളും അവരെ ഉപദ്രവിക്കുന്നതിന് വേണ്ടിയുള്ള മധുരത്തിൽ പൊതിഞ്ഞ മരുന്നുഗുളികകളായിട്ടാണ് അനുഭവത്തിൽ കാണുന്നത്. ഞാൻ ഒരൊറ്റ ഉദാഹരണം പറയാം. ഇവിടെ പുതുകൃഷിക്കാരെ ഇൻഡ്യൻ റബ്ബർ ബോർഡും ഗവൺമെന്റും സഹായിക്കാൻ പോകുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. അതേസമയം ആവർത്തന കൃഷിക്കുള്ള സഹായം കുറയുകയും ചെയ്യും. പുതുകൃഷിക്കാരെ സഹായിക്കുമെന്ന് കേട്ട് സാധാരണക്കാരായ പാവപ്പെട്ട കൃഷിക്കാർ 'ഹൊ' എന്തൊരു അനുഗ്രഹമാണ് ചെയ്യുന്നത് എന്ന് കരുതുന്നു. ഇവിടെ പുതുകൃഷിക്കുവേണ്ടിയുള്ള ഭൂമി കുറവാണ്. നേരെമറിച്ച് പിരിച്ചെടുക്കുന്ന സെസ്സ്—ഇതിന്റെ സിംഹഭാഗവും ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിൽ മൈസൂരിലും ആന്ധ്രയിലും മഹാരാഷ്ട്രയിലും ത്രിപുരയിലുമൊക്കെയുള്ള സംസ്ഥാനങ്ങളിൽ ഈ കാശ് കടത്തിക്കൊണ്ടുപോകുന്നതിനുള്ള ഒരു പരിപാടിയാണ്, പുതുക്കൃഷിക്കാരെ സഹായിക്കുമെന്ന് പ്രഖ്യാപനം നടത്തുന്നത്. അതേസമയം ആവർത്തനകൃഷിക്കാരെ സഹായിക്കുമെന്ന് പറഞ്ഞാൽ ആവർത്തന കൃഷിയുടെ സഹായം കിട്ടുന്നത് കേരളത്തിലാണ്. ആ സഹായം ഓരോ ദിവസവും കുറച്ചുകുറച്ചു കൊണ്ടുവന്ന് ഇവിടെ ഈ കൃഷിക്കാരെ ഉപദ്രവിക്കുകയാണ് ചെയ്യുന്നത്.

സർ, ഇവിടെ ഈ വൻകിട കുത്തകക്കാർ വളരെ ബോധപൂർവമാണ് കരുക്കൾ നീക്കുന്നത്. അവർ റബ്ബറിന്റെ വില പരമാവധി ക്ലൈമാക്സിൽ കൊണ്ടുവന്ന് പെട്ടെന്ന് നിറുത്തിയിട്ട്, 'അയ്യോ, റബ്ബറിന് വിലകൂടി'യെന്ന് പറഞ്ഞിട്ട് റബ്ബറിന് 10 ശതമാനം വില കൂടുന്നുവെങ്കിൽ റബ്ബർ ഉൽപന്നങ്ങളുടെ വില 60 ശതമാനമായി ഉയർത്തും. അവരുടെ കാര്യം നേടിക്കഴിഞ്ഞാൽ പിന്നെ റബ്ബറിന്റെ വിലയിടിക്കാനുള്ള പരിപാടിയാണ്. ആ പരിപാടിക്ക് ചരൺസിംഗിന്റെ ഗവൺമെന്റ് ലജ്ജയില്ലാതെ കൂട്ടുനിന്നിരിക്കുന്നു എന്നുള്ളതാണ് സത്യം. കേന്ദ്രഗവൺമെന്റ് കേരളത്തിലെ കൃഷിക്കാരോട് കാണിച്ചുകൊണ്ടിരിക്കുന്ന ഈ അവഗണനാമനോഭാവത്തിനെതിരായി സർവശക്തിയുമുപയോഗിച്ച് കേരളത്തിലെ എല്ലാ രാഷ്ട്രീയപ്രസ്ഥാനങ്ങളും ഗവൺമെന്റും ഒറ്റക്കെട്ടായി നിന്ന് പോരാടണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാനീ പ്രമേയങ്ങളെ അനുകൂലിക്കുകയാണ്. യഥാർത്ഥത്തിൽ റബ്ബറിന്റെ ഇറക്കുമതിയെ സംബന്ധിച്ചിടത്തോളം പറയുമ്പോഴും, വലിയ പ്ലാന്റേഷൻസ് ഇതിൽ കുറെ ഉത്തരവാദികളാണ് എന്നാണ് എന്റെ അഭിപ്രായം. ഇൻഡ്യയിലെ മുഴുവൻ ആവശ്യത്തിനും വേണ്ടുന്ന റബ്ബർ ഇന്ന് കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്. സർപ്ലസായി ഇവിടെ റബ്ബറുണ്ട്. പക്ഷേ യഥാർത്ഥത്തിലുള്ള കണക്ക് റബ്ബർ ബോർഡിന് ശേഖരിക്കാൻ കഴിയുന്നില്ല. വലിയ പ്ലാന്റേഷൻസ് (Plantations) കളളക്കണക്കുകൾ കൊടുക്കുന്നു, ടാക്സിൽ നിന്നും രക്ഷപ്പെടാൻവേണ്ടി. ഇതുകൊണ്ടൊക്കെ യഥാർത്ഥത്തിലുള്ള പ്രൊഡക്ഷൻ പുറത്തുവരുന്നില്ലായെന്നുള്ളതാണ് വസ്തുത. ഇൻഡ്യയിൽ റബ്ബർ ഇറക്കുമതി ചെയ്യുകയാണെങ്കിൽ ഇന്റേണൽ മാർക്കറ്റിൽ റബ്ബറിന്റെ വില ചൂരുക്കാൻ കഴിയുമെന്നുള്ളതുകൊണ്ടാണ് ഇറക്കുമതിയ്ക്കുവേണ്ടി മാനുഫാക്ചേഴ്സ് ശ്രമിക്കുന്നത്. യഥാർത്ഥത്തിലുള്ള ചെറുകിട കൃഷിക്കാർക്ക് സംരക്ഷണം കിട്ടാനും ഈ രൂപത്തിലുള്ള ഇറക്കു

LIBRARY ARCHIVES Kerala Legislative Assembly

മതിയെ തടയാനുമുള്ള ഒരു മാർഗ്ഗം സംഭരണം മുഴുവൻ കുത്തകയായി, കുത്തകസംഭരണം ഏർപ്പെടുത്തുകയും ന്യായമായ വില റബ്ബറിനു വേണ്ടി ഗവൺമെൻറ് നിജപ്പെടുത്തുകയുമാണ്. ഞാൻ റബ്ബർ ബോർഡിലുള്ളകാലത്ത് ഇക്കാര്യം റെയ്സ് ചെയ്തപ്പോഴും അതിനെ എതിർത്തത് അവിടെയുള്ള വലിയ പ്ലാൻറേഴ്സും മാനുഫാക്ച്ചേഴ്സുമാണെന്നുള്ള കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇക്കാര്യം ഏർപ്പെടുത്തുകയാണെങ്കിൽ ചെറുകിട കൃഷിക്കാർക്ക് ന്യായമായ വില കിട്ടുമെന്നുമാത്രമല്ല ഇവിടത്തെ ഒരു മാനുഫാക്ച്ചേഴ്സിനും ഈ സംസ്ഥാനത്തിൽനിന്ന് റബ്ബർ കിട്ടുവാനില്ല എന്ന് പിറയുവാൻ ഇടവരുകയില്ല. അവർക്ക് വേണ്ട റബ്ബർ കൊടുക്കാൻ സാധിക്കും. അതുകൊണ്ട് ന്യായമായ വില നിജപ്പെടുത്തിക്കൊണ്ടും, കുത്തകസംഭരണം ഏർപ്പെടുത്തിക്കൊണ്ടും, ഇൻഡ്യയിൽ എവിടെ ഏത് മാനുഫാക്ച്ചേഴ്സിന് വേണമെങ്കിലും റബ്ബർ കൊടുക്കാൻ കേരളത്തിലെ ഗവൺമെൻറിന് സാധിക്കുമെന്നുള്ള ഒരു സ്ഥിതിവിശേഷം ഉണ്ടാക്കണമെന്നതാണ് എൻെറ അഭിപ്രായം.

സർ, കേന്ദ്രഗവൺമെൻറ് റബ്ബർ ഇറക്കുമതിക്ക് സബ്സിഡി കൊടുത്തത് തെറ്റാണ്. അത് ഏത് ഗവൺമെൻറ് ആണെങ്കിലും ഞങ്ങൾ അനുകൂലിക്കുന്നില്ല. പക്ഷേ ഒരു കാര്യം മനസ്സിലാക്കണം. ഈ വാർത്ത വെളിയിൽവന്ന ഉടൻതന്നെ കേരളത്തിലെ മുഖ്യമന്ത്രിയും ഗവൺമെൻറും ഇക്കാര്യം കേന്ദ്രഗവൺമെൻറിൻെറ മുമ്പിൽ കൊണ്ടുപോയി എന്നുള്ള വസ്തുത നമുക്കെല്ലാം അറിയാവുന്ന കാര്യമാണ്.

ന്യൂ പ്ലാൻേറഷനെ സംബന്ധിച്ചിടത്തോളം, 7,500 രൂപ സബ്സിഡി ഈ ഗവൺമെൻറ് ഏർപ്പെടുത്തിയത് ഈ സംസ്ഥാനത്തിന് പ്രയോജനപ്പെടുകയില്ലായെന്ന് എൻെറ ബഹുമാന്യ സ്നേഹിതൻ ശ്രീ. ലൂക്കോസ് പറയുകയുണ്ടായി. ഈ സംഗതി എന്താണെന്ന് മനസ്സിലാക്കാത്തതുകൊണ്ടാണ് ശ്രീമാൻ ലൂക്കോസ് അത് പറയുന്നത്. ഇനിയും കുറെസ്ഥലം മലബാറിൽ റബ്ബർ പ്ലാൻേറഷന് പറ്റിയതായി ഉണ്ടെന്നുള്ള വസ്തുത എൻെറ സ്നേഹിതൻ ശ്രീ. ലൂക്കോസ് മനസ്സിലാക്കിയിട്ടില്ല. മൂന്ന് ഏക്കറും നാലേക്കറുമുള്ള പാവപ്പെട്ട കൃഷിക്കാർക്ക് 7,500 രൂപ കിട്ടുകയാണെങ്കിൽ ന്യൂപ്ലാൻേറഷൻ ഏർപ്പെടുത്താൻ സാധിക്കും. അത് കേന്ദ്രഗവൺമെൻറ് ചെയ്തത് പാവങ്ങൾക്കുവേണ്ടിയാണ്, ഈ സംസ്ഥാനത്തിനുവേണ്ടിയാണ്. അതുകൊണ്ട് ഈ പ്രമേയങ്ങൾ പാസ്സാക്കുന്നതോടുകൂടി ഇക്കാര്യത്തെക്കുറിച്ചുകൂടി നാം ആലോചിക്കണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. ഈ സംസ്ഥാന ഗവൺമെൻറ് റബ്ബറിൻെറ കുത്തകസംഭരണമേർപ്പെടുത്താനുള്ള ഒരു സംവിധാനമുണ്ടാക്കണം. അതിനുവേണ്ടിയുള്ള ഏർപ്പാടുകൾ ചെയ്യണം. അത് മാത്രമാണ് ഇതിന് പ്രായോഗികമായ മാർഗ്ഗം. അത് വന്നാൽ ഗവൺമെൻറിന് ടാക്സ് കിട്ടാനും ന്യായമായ വില കൃഷിക്കാർക്ക് കിട്ടാനും ഇടയാകുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ രണ്ട് പ്രമേയങ്ങളേയും അനുകൂലിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): സർ, ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന രണ്ടു പ്രമേയങ്ങളുടെ അന്തസത്തയോടും ഗവൺമെൻറിന് യോജിപ്പാണുള്ളത്. ഗവൺമെൻറ് പറയേണ്ട പല കാര്യങ്ങളും രണ്ടു ഭാഗത്തുനിന്നുമുള്ള ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞുകഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് കൂടുതൽ സമയം അതിനുവേണ്ടി ചെലവഴിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. എങ്കിലും ചില തെറ്റിദ്ധാരണകൾ മാറ്റുന്നതിനുവേണ്ടി ചില വിവരങ്ങൾ ബഹുമാനപ്പെട്ട മെമ്പർമാരെ അറിയിക്കാൻ മാത്രം ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രമേയത്തിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. എസ്തോസ് ഈ ഗവൺമെൻറിന്റെ ഫാളോ അപ്പ് ആക്ഷനെ സംബന്ധിച്ച് കുറ്റപ്പെടുത്തി പറയുകയുണ്ടായി. സബ്സിഡി എന്നുള്ള വാർത്ത വന്ന ഉടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രസർക്കാരിലെ വേണ്ടപ്പെട്ട എല്ലാ ആളുകൾക്കും ടെലിപ്രിൻറർ മെസേജ് കൊടുത്തുകൊണ്ട് അതിനെ ശക്തിയായി പ്രതിഷേധിക്കുകയാണ് ചെയ്തത്. അത് അംഗങ്ങളുടെ അറിവിനുവേണ്ടി ഞാൻ വായിക്കാം.

The report in Newspapers that Government have been considering the question of subsidising the price of imported rubber and even of utilising rubber cess for meeting the cost of subsidy has come to the notice of State Government. The State Government view these reports with a great deal of alarm and would like to inform the Government of India that the State Government is totally opposed to any such proposal to subsidise the price of imported rubber after diversion of any such cess for meeting the cost of subsidy.

ഇതിനേക്കാൾ ശക്തമായ ഭാഷയിൽ കേന്ദ്രസർക്കാരിനോട് ഒരു സംസ്ഥാന സർക്കാരിന് പറയാൻ സാധിക്കുമോ എന്ന് സംശയമാണ്. പക്ഷേ കേന്ദ്ര സർക്കാർതന്നെ ഇറക്കുമതിയെ സംബന്ധിച്ചും സബ്സിഡി നൽകുന്നതിനെ സംബന്ധിച്ചും പുനഃരാലോചിക്കുന്നതായാണ് അനുമാനിക്കേണ്ടിയിരിക്കുന്നത്. കഴിഞ്ഞ മാസാവസാനം വന്ന പത്രറിപ്പോർട്ടിൽ ഇന്നത്തെ കേന്ദ്രത്തിലെ സംസ്ഥാന കോമേഴ്സ് മന്ത്രി ഡോക്ടർ ഹെൻട്രി ഓസ്റ്റിൻ പറഞ്ഞതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 45,000 ടൺ റബ്ബർ ഇറക്കുമതി ചെയ്യാൻ ഉദ്ദേശിച്ചിരുന്നത് ഇറക്കുമതി ചെയ്യപ്പെട്ട 17,000 ടൺ കയറ്റിയതിനുശേഷം പിന്നീടുള്ള ഇറക്കുമതിയെ സംബന്ധിച്ച് പുനഃരാലോചിക്കുകയും തൽക്കാലം അത് മാറ്റിവയ്ക്കുകയും ചെയ്തിരിക്കുകയാണെന്നും 30,000 ടണ്ണിൽ കൂടുതൽ യാതൊരു കാരണവശാലും ഇറക്കുമതി ചെയ്യുകയില്ലെന്നും. ഇത് കേന്ദ്രസർക്കാരിന്റെ മാത്രമായ ഒരു തീരുമാനമല്ലെന്നും ഇവിടത്തെ സ്ഥിതിവിവരങ്ങൾ അറിയിച്ചതിന്റെ ഫലമായി ഗവൺമെൻറ് നിലപാട് പുനഃപരിശോധിക്കുകയും അതനുസരിച്ച് ഇറക്കുമതി നയത്തിൽ മാറ്റം വരുത്തുകയും ചെയ്തിട്ടുള്ളതാണ്. ഏതായാലും 45,000 ടണ്ണിൽനിന്നും 30,000 ടൺ മാത്രമേ ഇറക്കുമതി ചെയ്യുകയുള്ളൂ എന്ന് പറയുകയും ബാക്കിയുള്ള 15,000 ടൺ ഇറക്കുമതി ചെയ്യണമോ എന്നുള്ള കാര്യം പുനഃപരിശോധിക്കുമെന്നും കേന്ദ്രമന്ത്രി പ്രസ്താവിച്ചത് ഈ സംസ്ഥാനസർക്കാരിന്റെ നിരന്തരമായ സമ്മർദ്ദം മൂലം ഉണ്ടായിട്ടുള്ളതാണെന്ന വസ്തുത ബഹുമാനപ്പെട്ട മെമ്പർമാർ അംഗീകരിക്കുമെന്നാണ് എന്റെ വിശ്വാസം. നാലരകോടി രൂപ ചെലവുവരുന്ന ഒരു റബ്ബർ പ്ലാസ്റ്റിക് സബ്സിഡി സ്കീം നടപ്പാക്കാനുള്ള തീരുമാനമാണ് കേന്ദ്രസർക്കാർ കൈക്കൊണ്ടത്. ഈ സെസ്സിനും സബ്സിഡി എടുത്തുകൊണ്ട് ഇറക്കുമതി ചെയ്ത റബ്ബറിന് സബ്സിഡി കൊടുക്കാനുള്ള ആലോചനയുണ്ടെങ്കിൽ തീർച്ചയായും കേന്ദ്രസർക്കാർ ഈ സബ്സിഡി കൊടുത്തത് റബ്ബർ പ്ലാൻറിംഗ് ചെയ്യാനുള്ള തീരുമാനവും എടുക്കുകയില്ലായിരുന്നു എന്നാണ് ഊഹിക്കേണ്ടത്. ഏതായാലും നാലായിരം ഹെക്ടർ സ്ഥലത്തുകൂടി റബ്ബർകൃഷി വ്യാപിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ നടപടിയെടുത്തു കഴിഞ്ഞിട്ടുണ്ട്. ഇതെല്ലാം നല്ല സൂചനയായി കാണുന്നു. കഴിഞ്ഞ സർക്കാരിൽനിന്ന് വ്യത്യസ്തമായി കൂടെ കൂടി യാഥാർത്ഥ്യബോധത്തോടുകൂടി ഈ കാര്യങ്ങൾ കാണുന്നതിന് കേന്ദ്രസർക്കാരും കാലാകാലങ്ങളിൽ ശക്തിയായി ഈ കാര്യങ്ങൾ ബോധിപ്പിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിന് കേരളസർക്കാരും വേണ്ട നടപടിയെടുത്തിട്ടുണ്ടെന്ന് അഭിമാനത്തോടുകൂടിതന്നെ സഭാംഗങ്ങളെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പക്ഷേ ഇതിൽ ഒരു കാര്യം നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. വളരെ വിഭിന്നങ്ങളായ ഒരുപക്ഷേ വിരുദ്ധങ്ങളായ താൽപ്പര്യങ്ങളും ഒരുമിച്ച് സംയോജിപ്പിച്ച് കൊണ്ടുള്ള ഒരു പ്രശ്നമായി റബ്ബർ തീർന്നിട്ടുണ്ട്. കർഷകരുടെ താൽപ്പര്യങ്ങളും തീർച്ചയായും സംരക്ഷിക്കപ്പെടണം. അതുപോലെതന്നെ ഈ രാജ്യത്ത് വ്യവസായങ്ങളും നിലനിൽക്കണം. വ്യവസായങ്ങളും നിലനിൽക്കുന്നതോടൊപ്പം തൊഴിലാളികളുടെ താൽപ്പര്യങ്ങളും നിലനിൽക്കണം. അതുപോലെതന്നെ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങളും നിലനിൽക്കുന്നതോടൊപ്പം രാജ്യത്തിന്റെ താൽപ്പര്യവും നിലനിൽക്കണം. ഇങ്ങനെ ഭിന്നങ്ങളായ, ഒരുപക്ഷേ പ്രഥമദൃഷ്ട്യാ വൈരുദ്ധ്യമായ താൽപ്പര്യങ്ങളും തമ്മിലുള്ള പ്രശ്നം റബ്ബറിൽ ഉണ്ടെന്നുള്ള കാര്യം വിസ്മരിക്കരുത്. റബ്ബറിന്റെ വില കൂടിയാൽ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം വിഷമമുണ്ടാകും. വ്യവസായങ്ങൾക്ക് വിഷമമുണ്ടാകുമ്പോൾ തൊഴിലില്ലായ്മ വർദ്ധിക്കും. അതേയവസരത്തിൽ വില കുറഞ്ഞാൽ കർഷകർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാകും. ഇതെല്ലാം വസ്തുതകളാണ്. ഏതായാലും ഇതെല്ലാമായും സമരസപ്പെടുത്തിക്കൊണ്ട് രാജ്യതാൽപ്പര്യത്തിനും വ്യവസായ പുരോഗതിക്കും തൊഴിലാളി താൽപ്പര്യത്തിനും കർഷക താൽപ്പര്യത്തിനുമെല്ലാം അനുഗുണമായ ഒരു നിലപാടുണ്ടാകണമെങ്കിൽ റബ്ബറിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നുള്ളതു ഏറ്റവും കൂടുതൽ പ്രധാനമായിട്ടുള്ള ഒരു കാര്യമാണ്. അതിനുവേണ്ടിയുള്ള ഒരു സ്കീം കേന്ദ്ര സർക്കാർ നടപ്പാക്കുന്നു. അതേയവസരത്തിൽ കൂടുതലായ വിലയുണ്ടാകാതെയും കർഷകർക്ക് നഷ്ടമുണ്ടാകാത്ത രീതിയിലും വില പിടിച്ചു നിർത്തുന്നതിനു വേണ്ടിയുള്ള നടപടികളും എടുക്കണം. അതിന് കേരള സർക്കാരിനെ സംബന്ധിച്ചിടത്തോളം ഒരിക്കലും പിന്നോക്കമല്ലെന്ന് പറഞ്ഞുകൊണ്ട് ഈ രണ്ട് പ്രമേയങ്ങളേയും ഞാൻ അംഗീകരിക്കുന്നു.

Resolution No. 2

The amendment moved by Sri E. K. Pillai was, by leave, withdrawn.

The amendment moved by Sri V. J. Joseph was, by leave, withdrawn.

The amendment moved by Sri Thundathil Kunjukrishna Pillai was, by leave, withdrawn.

The amendment moved by Sri M. V. Rajagopalan was, by leave, withdrawn.

The amendment moved by Sri P. K. Sankarankutty was, by leave, withdrawn.

The Resolution moved by Sri T. K. Abdu be adopted was put and carried.

The Resolution was unanimously adopted.

LIBRARY ARCHIVES Kerala Legislative Assembly

Resolution No. 3

The amendment moved by Sri E. K. Pillai was, by leave, withdrawn.

The amendment moved by Sri P. K. Sankarankutty was, by leave, withdrawn.

The amendment moved by Sri P. Bhaskaran was, by leave, withdrawn.

The amendment moved by Sri O. Lukose was, by leave, withdrawn.

The amendment moved by Sri T. M. Jacob was, by leave, withdrawn.

The Resolution moved by Dr. George Mathew be adopted, was put and carried.

The Resolution was unanimously adopted.

Mr. Chairman: Order, Order. The house will now adjourn and meet again at 8·30 a.m. on Wednesday, October 3, 1979.

1979 ഒക്ടോബർ 3-ാം തീയതി ബുധനാഴ്ച രാവിലെ 8·30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് 12-40-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly